തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**FLS PCW 2401**

## ചലച്ചിത്രപഠനം

## ഗവേഷണരീതിശാസ്ത്രം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

**(8X5 = 40)**

1. പോസിറ്റിവിസ്റ്റ് (positivist), ഇന്റർപ്രിറ്റേറ്റീവ് (Interpretative) വിചാരമാതൃകകളുടെ (paradigms) പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?

2. ഏതൊക്കെ സാഹചര്യങ്ങളിലാണ് കേസ് സ്റ്റഡികൾ ഗവേഷണരീതിയായി നിർദ്ദേശിക്കപ്പെടുന്നത് ?

3. ഗവേഷണത്തിൽ പരികല്പനകളുടെ പങ്കു ചർച്ച ചെയ്യുക. ഗവേഷണത്തിനുപയോഗിക്കുന്ന വ്യത്യസ്തതരം പരികല്പനകൾ ഏതൊക്കെയെന്ന് വിശദീകരിക്കുക.

4. ഗവേഷണരൂപരേഖയെ സാധുതയുടെയും (validity) വിശ്വാസ്യതയുടെയും (reliablity) മാനങ്ങൾ എങ്ങനെയാണ് സ്വാധീനിക്കുന്നത്?

5. ഗവേഷണത്തിനായി ചോദ്യാവലി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

6. വ്യവഹാരഅപഗ്രഥനവും ഉള്ളടക്കവിശകലനവും തമ്മിലുള്ള സാജാത്യ-വൈജാത്യങ്ങൾ വിവരിക്കുക.

7. മാധ്യമപഠനങ്ങളിൽ പ്രേക്ഷക ഗവേഷണത്തിന്റെ പ്രസക്തിയെപറ്റി വിവരിക്കുക.

8. ഒരു മികച്ച ഗവേഷണരൂപരേഖയുടെ ഘടകങ്ങൾ എന്തെല്ലാം?

9. പ്രബന്ധഭാഷയും മാധ്യമഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.

10. സ്നോബോൾ സാംപ്ലിങ്, പർപസീവ് സാംപ്ലിങ്, ജഡ്ജ്മെന്റൽ സാംപ്ലിങ് എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുക.

II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

**(3X20=60)**

11. ഫോക്കസ് ഗ്രൂപ്പ് പഠനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? മികച്ച രീതിയിൽ ഫോക്കസ് ഗ്രൂപ്പ് പഠനം നടത്തുവാൻ വേണ്ട നടപടിക്രമങ്ങൾ വിശദമാക്കുക.

12. ആധുനിക ഗവേഷണത്തിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകളെ വിശകലനം ചെയ്യുക. AI സങ്കേതങ്ങൾ ദത്തശേഖരണത്തിലും അപഗ്രഥനത്തിലും വിശകലനത്തിലും ഉപകാരപ്പെടുന്നതെങ്ങനെ? ഉദാഹരണസഹിതം വ്യക്തമാക്കുക.

13. ഗവേഷണത്തിൽ ഉപയോഗിക്കുന്ന ഏതെങ്കിലും മൂന്ന് എഴുത്തുശൈലികൾ പരിചയപ്പെടുത്തുക. റെഫൈറൻസിങ് രീതികൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണസഹിതം അവതരിപ്പിക്കുക.

14. ഉള്ളടക്കവിശകലനം എന്ന ഗവേഷണരീതിയുടെ ഓരോഘട്ടവും വിശദമാക്കുക. ഉള്ളടക്കവിശകലനത്തിൽ ചലച്ചിത്രദത്തങ്ങളെ വിശകലനയൂണിറ്റുകളായി എങ്ങനെയൊക്കെതിരിക്കാം?

******